നമ്പർ: ജി (2)25918/2005

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, തീയതി: 28/6/2005

**സർക്കുലർ നമ്പർ: 21/2005**

വിഷയം: സഹകരണവകുപ്പ്-കോഴിക്കോട് ജില്ലയിലെ നല്ലളത്ത് സ്ഥിതി ചെയ്യുന്ന കേരള ഫെഡറേഷൻ ഓഫ് ദ ബ്ളൈന്റ് നടത്തി വരുന്ന റിഹാബിലിറ്റേഷൻ സെന്റർ ഫോർ വിമൻ എന്ന പുനരധിവാസ കേന്ദ്രത്തിന്റെ വികസനം-കോഴിക്കോട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ നൽകുന്നതു സംബന്ധിച്ച്

സൂചന: കേരള ഫെഡറേഷൻ ഓഫ് ദ ബ്ളൈന്റ്, പ്രസിഡന്റിന്റെ 07.5.2005 തീയതിയിലെ നിവേദനം.

കോഴിക്കോട് ജില്ലയിലെ നല്ലളത്ത് പ്രവർത്തിച്ചു വരുന്ന കേരള ഫെഡറേഷൻ ഓഫ് ദ ബ്ളൈന്റ് യൂണിറ്റ് നടത്തി വരുന്ന "റിഹാബിലിറ്റേഷൻ സെന്റർ ഫോർ ബ്ളൈന്റ് വുമൻ" എന്ന പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിനു അനുവദിക്കണമെന്ന്, ടി സ്ഥാപനത്തിന്റെ പ്രസിഡന്റ് സൂചന നിവേദന പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ അപേക്ഷ പരിഗണിച്ച് പുനരധിവാസ കേന്ദ്രത്തിലെ അന്ധരായ സ്ത്രീകളുടെ ക്ഷേമം കണക്കിലെടുത്തും, കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് നടത്തി വരുന്ന അന്ധരായ സ്ത്രീകൾക്കു വേണ്ടിയുള്ള പുനരധിവാസ കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി, 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 56 (2) (ഡി)യ്ക്ക് വിധേയമായി, സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും സംഭാവനകൾ നൽകുന്നതിനു സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ജില്ലയിലെ സഹകരണസ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നു.

ഒപ്പ്

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ ഇൻ-ചാർജ്.

പകർപ്പ്:

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്), കോഴിക്കോട്.
2. പ്രസിഡന്റ്, ഫെഡറേഷൻ ഓഫ് ദ ബ്ളൈന്റ്, കോഴിക്കോട് യൂണിറ്റ്, കുണ്ടായിത്തോട് പി.ഒ., കൊളത്തറ, കോഴിക്കോട് -673 655.
3. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
4. സർക്കുലർ ബുക്ക്
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി